MALAYALA MANORAMA 03.01.2018

# പുഴയുടെ പുനർജനിക്കായി..

## വടക്കാഞ്ചേരി പുഴയെക്കുറിച്ച് റിപ്പോർട്ട് തയാറാക്കുന്നത് കാർഷിക സർവകലാശാല വിദ്യാർഥികൾ

വടക്കാഞ്ചേരി ● വടക്കാഞ്ചേരി പുഴയുടെ പുനർജനിക്കായി കേരള കാർഷിക സർവകലാശാലയിലെ അവസാന വർഷ വിദ്യാർഥികൾ രംഗത്ത്.

'പുനർജനി' എന്നു നാമകരണം ചെയ്ത ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പരിപാടിയുടെ ഭാഗമായി 58 വിദ്യാർഥികൾ വടക്കാഞ്ചേരി പുഴയിൽ സർവേ നടത്തി റിപ്പോർട്ട് തയാറാക്കും.

19 ടീമുകളായി തിരിഞ്ഞാണു വിദ്യാർഥികളുടെ പ്രവർത്തനം. പുഴയിലേക്ക് ഒഴുകിവരുന്ന നീർച്ചാലുകളും രണ്ടു കരകളും സർവേ ചെയ്യും. ഓരോ ടീമും നാലു ദിവസം കൊണ്ട് 12 കിലോമീറ്റർ വീതം സഞ്ചരിച്ചാണു ദൗത്യം പൂർത്തിയാക്കുക.

മുതിർന്നവരിൽനിന്നു പ്രദേശത്തെ നീർച്ചാലുകളുടെ ചരിത്രം ശേഖരിക്കും. പരിസ്ഥിതി, കാലാവസ്ഥ, കൃഷി, സമൂഹം, കാഴ്ചപ്പാട് തുടങ്ങിയവയിൽ വന്ന മാറ്റവും രേഖപ്പെടുത്തും. ഇതനുസരിച്ച് ഓരോ ഗ്രൂപ്പും റിപ്പോർട്ട് തയാറാക്കും. ആറാമത്തെ ദിവസം ഇവർ കണ്ടെത്തിയ കാര്യങ്ങളും അനുഭവങ്ങളും 19 സ്ഥലങ്ങളിൽ ജനങ്ങളുടെ മുൻപാകെ അവതരിപ്പിക്കും. ഇവയെല്ലാം ഉൾപ്പെടുത്തി പുഴയെക്കുറിച്ചുള്ള റിപ്പോർട്ട് തയാറാക്കും.

കേരളത്തിൽ ആദ്യമായാണു വിദ്യാർഥികൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഇത്തരം റിപ്പോർട്ട് തയാറാക്കുന്നതെന്ന് അധികൃതർ പറഞ്ഞു. കാർഷിക സർവകലാശാല ഡീൻ ജോർജ് തോമസ്, അസോഷ്യേറ്റ് ഡീൻ ഡോ. ജയശ്രീ കൃഷ്ണൻകുട്ടി എന്നിവരും സംഘത്തോടൊപ്പമുണ്ട്.

വടക്കാഞ്ചേരി നഗരസഭ പ്രഖ്യാപിച്ച ചാത്തൻചിറ പച്ചക്കറി സോൺ പ്രാവർത്തികമാക്കാനായി കൃഷിശാസ്ത്രജ്ഞരും കാർഷിക വിദഗ്ധരും പങ്കെടുക്കുന്ന സെമിനാറുകളും പരിശീലനങ്ങളും പ്രദർശനങ്ങളും സംഘടിപ്പിക്കും.

പുഴയെ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ രേഖപ്പെടുത്തും. സസ്യങ്ങൾ, ജീവികൾ, നിർമിതികൾ, ചാലിന്റെ അവസ്ഥ, മലിനജലം എത്തുന്ന ഇടങ്ങൾ, മാലിന്യം തള്ളൽ എന്നിവയെല്ലാം ഫോട്ടോ എടുത്ത് ജിയോടാഗ് ചെയ്യും.